# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.13/2349/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.13/2349/2023 തീയ്യതി: 05/12/2023

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.അബ്ദുൾ റഷീദ് എം.പി ഓഡിറ്റ് ഓഫീസർ
2. ശ്രീ.മുഹമ്മദ് ഫാറൂഖ് കെ.പി,അസി.ഓഡിറ്റ് ഓഫീസർ
3. ശ്രീ.ഇദ്രീസ് അബ്ദുള്ള.എ.സി ഓഡിറ്റർ
4. ശ്രീമതി.സുജിത പി.കെ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റംല കറത്തൊടി | പ്രസിഡന്റ് | 01-04-2022 | 21-05-2022 |
| ശ്രീമതി. ഫസീന അഹമ്മദ്ക്കുട്ടി | പ്രസിഡന്റ് | 22-05-2022 | 14-03-2023 |
| ശ്രീമതി. റിജിത ഷെലീജ് | പ്രസിഡന്റ് | 15-03-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. സുരേഷ് എ | സെക്രട്ടറി | 01-04-2022 | 19-04-2022 |
| ശ്രീ. ഷൈജു ഡി | സെക്രട്ടറി | 20-04-2022 | 03-05-2022 |
| ശ്രീ. സുരേഷ് എ | സെക്രട്ടറി | 04-05-2022 | 16-08-2022 |
| ശ്രീ. ഷൈജു ഡി | സെക്രട്ടറി | 17-08-2022 | 06-10-2022 |
| ശ്രീ. രാജേന്ദ്രൻ പി.കെ | സെക്രട്ടറി | 07-10-2022 | 24-10-2022 |
| ശ്രീ. രാജേന്ദ്രൻ പി.കെ | സെക്രട്ടറി | 14-11-2022 | 03-01-2023 |
| ശ്രീ. എൻ നജീം | സെക്രട്ടറി | 16-01-2023 | 31-03-2023 |
| ശ്രീമതി.സുനിത.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-01-2023 | 15-01-2023 |
| | | 25-10-2022 | 13-11-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മുഹ്സിന എം.കെ | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീ. അബ്ദുൾ സലീം വില്ലൻ | കൃഷി ഓഫീസർ | 30-07-2022 | 25-08-2022 |
| ശ്രീ. വിനയൻ എം.വി | കൃഷി ഓഫീസർ | 26-08-2022 | 06-10-2022 |
| ശ്രീ. അബ്ദുൾ സലീം വില്ലൻ | കൃഷി ഓഫീസർ | 07-10-2022 | 02-02-2023 |
| ശ്രീമതി. ഫർസാന | കൃഷി ഓഫീസർ | 03-02-2023 | 31-03-2023 |
| ഡോ. സിന്ധു സത്യൻ | വെറ്ററനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 01-02-2023 |
| ഡോ. ഗ്രേസി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 02-02-2023 | 31-03-2023 |
| ശ്രീമതി. അൽ സുമയ്യ | വി ഇ ഒ | 01-04-2022 | 30-06-2022 |
| ശ്രീമതി. ആഷിഫ | വി ഇ ഒ | 01-07-2022 | 31-03-2023 |
| ശ്രീ. ശ്രീകുമാർ പി എം | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ.ഷബ്ന കെ വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് നിഷാം ഇ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-12-2022 |
| ശ്രീ. അയ്യൂബ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-12-2022 | 31-03-2023 |
| ശ്രീമതി. റഹീന എം | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2022 | 07-01-2023 |
| ശ്രീമതി. സഫിയ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 08-01-2023 | 31-03-2023 |
| ശ്രീമതി.ആബിദ.പി | അസി.എഞ്ചിനീയർ | 01-04-2022 | 16-04-2022 |
| ഒഴിവ് | അസി.എഞ്ചിനീയർ | 17-04-2022 | 22-04-2022 |
| ശ്രീ റാഷിദ് | അസി.എഞ്ചിനീയർ | 23-04-2022 | 25-05-2022 |
| ശ്രീമതി.ആബിദ.പി | അസി.എഞ്ചിനീയർ | 26-05-2022 | 29-09-2022 |
| ഒഴിവ് | അസി.എഞ്ചിനീയർ | 30-09-2022 | 10-10-2022 |
| ശ്രീ സജിൻ കെ | അസി.എഞ്ചിനീയർ | 11-10-2022 | 20-10-2022 |
| ഒഴിവ് | അസി.എഞ്ചിനീയർ | 21-10-2022 | 25-10-2022 |
| ശ്രീമതി. അനുപ്രിയ | അസി.എഞ്ചിനീയർ | 26-10-2022 | 31-03-2023 |
| ശ്രീ ഷൈജു ഡി | അസി.സെക്രട്ടറി | 01-04-2022 | 13-10-2022 |
| ശ്രീമതി സുനിത ബി | അസി.സെക്രട്ടറി | 14-10-2022 | 23-11-2022 |

| | | | |
|---|---|---|---|
| ശ്രീമതി. അമ്പിളി എസ് ആനന്ദ് | അസി.സെക്രട്ടറി | 24-11-2022 | 31-12-2022 |
| ഒഴിവ് | അസി.സെക്രട്ടറി | 01-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | റെസിപ്റ്റ് & പെയ്മെന്റ് മുന്നിരിപ്പ് തുകയിൽ വ്യത്യാസം | 1-1-3 |
| 5 | കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-4 |
| 6 | തുക ക്രമീകരിച്ചിട്ടില്ല | 1-1-5 |
| 7 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ സ്ഥാപനത്തിന്റേതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | രജിസ്റ്ററുകൾ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | വരവ് രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ കൃത്യത പരിശോധിക്കാനായില്ല | 1-1-10 |
| 12 | വരവ് രജിസ്റ്ററും വാർഷികകണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-1-12 |
| 14 | സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | വാർഷികകണക്ക്, എ.സി.ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 18 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 26 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ– അവലോകനം | 1-12 |
| 27 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, അപേക്ഷ എന്നിവയിലെ അപാകത | 1-13 |
| 28 | പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടകയിനത്തിൽ വരുമാന നഷ്ടം. | 1-14 |
| 29 | ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ -ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 1-15 |
| 30 | വയോജനങ്ങൽക്ക് കട്ടിൽ -ടെണ്ടർ നടപടികളില്ലാതെ KADCO മുഖേന നടപ്പാക്കി. | 1-16 |
| 31 | ഫെസ്റ്റിവൽ അഡ്വാൻസ് - പഞ്ചായത്ത് ജീവനക്കാർക്ക് നൽകിയ തുക- 8000 രൂപ തിരികെ ഈടാക്കിയിട്ടില്ല | 1-17 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തി - KSEB യിൽ നിക്ഷേപിച്ച തുക- വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 33 | അനധികൃത കെട്ടിടങ്ങൾ– നടപടികൾ സ്വീകരിച്ചില്ല | 1-19 |
| 34 | ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചില്ല | 1-20 |
| 35 | ദുരിതാശ്വാസ നിധി രൂപീകരിച്ച വിവരവും രേഖകളും ലഭ്യമാക്കിയില്ല | 1-21 |
| 36 | മരാമത്ത് പ്രവൃത്തികൾ– ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 18671 രൂപ അടവാക്കി. | 1-22 |
| 37 | അസി.എഞ്ചിനീയർ– കാഷ് ബുക്ക് അപാകതകൾ | 1-23 |
| 38 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-24 |

| | | |
|---|---|---|
| 39 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ–മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-25 |
| 40 | താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-26-1 |
| 41 | മെഡിക്കൽ ഉപകരണങ്ങൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-26-2 |
| 42 | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ഹാജരാക്കിയിട്ടില്ല | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് **1994** ലെ സെക്ഷൻ **215(4)** പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ **2011, KSAD** ഓഡിറ്റ് മാന്വൽ ചാപ്റ്റർ **4.2.1 & 11.3,** സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കേണ്ട നിർദേശങ്ങളും അനുസരിച്ച് കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **14.07.2023** ലെ **1(1)** തീരുമാന പ്രകാരം തയ്യാറാക്കി **31.07.2023** തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് **2023** ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2023** തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**Ii)C&AG** ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും **C&AG** നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**Iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : മലപ്പുറം

തീയതി : 05-12-2023

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

### 1-1-1 എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 393649/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 21699844/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 റെസിപ്റ്റ് & പെയ്മെന്റ് മുന്നിരിപ്പ് തുകയിൽ വ്യത്യാസം

2021-22 ലെ AFS RP-40(b) പ്രകാരം SBI-E Payment (67386030368) അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക 1099781/-രൂപയാണ്. എന്നാൽ 2022-23 ലെ AFS RP-40(a) പ്രകാരം SBI-E Payment (67386030368) അക്കൗണ്ടിലെ മുന്നിരിപ്പ് തുക 1099786/- രൂപയാണ്. (വ്യത്യാസം - 5 രൂപ)

### 1-1-4 കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

തനത് ഫണ്ട് സൂക്ഷിക്കുന്ന കേരള ഗ്രാമീൺ ബാങ്കിന്റെ (A/C N0:40233101045462) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപനം ഇഷ്യൂ ചെയ്ത 3 മാസത്തിൽ കൂടുതലായ ചെക്കുകൾ ( **22200/- രൂപ** ) Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-1-5 തുക ക്രമീകരിച്ചിട്ടില്ല

1. PNB Jalanidhi (4307000100341557) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ 30.04.2022,07.07.2022 എന്നീ തീയതികളിൽ Directly Debited By Bank ആയി ചേർത്ത 35/- രൂപ ക്രമീകരിച്ചിട്ടില്ല.
2. SBI Own Fund (57052750347) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ 01.04.2022 തീയതിയിൽ Directly Debited By Bank ആയി ആയി ചേർത്ത 24,10,847/- രൂപ ക്രമീകരിച്ചിട്ടില്ല.

### 1-1-6 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല.

PNB Jalanidhi (4307000100341557) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ 05.12.2022 തീയതിയിൽ ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക **(5352/-)** സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി രസീതി നൽകി കണക്കിലെടുത്തിട്ടില്ല.

### 1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-8 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

B-17 പ്രകാരം ജലനിധി A/c No. 4307000100341557(PNB) പ്രകാരം 666767 രൂപയാണ് 31.3.23 ലെ നീക്കിയിരിപ്പ്. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 22048747/- രൂപയാണ്.

### 1-1-9 രജിസ്റ്ററുകൾ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

1. വാർഷിക കണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം 1383935/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
2. വാർഷിക കണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലായി 4041545/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
3. വാർഷിക കണക്കിലെ B-12 ഷെഡ്യൂൾ പ്രകാരം 55000/- രൂപ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനായി ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററോ ബന്ധപ്പെട്ട രസീതികളോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4. ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക കണക്ക് (RP-10) പ്രകാരം 17178/- രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
5.പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ ലൈസൻസുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇത് സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങളുമായി (RP-4-3000/- രൂപ) പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
6. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള അഡ്മിനിസ്ട്രേറ്റീവ് വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash Book (Financial Statement)- 1312239

AFS (RP-30) – 1312221

7.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള മെറ്റീരിയൽ വർക്കിനുള്ള ചെലവ് 215331/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് B-3 യിൽ ബുക്ക് ചെയ്തിട്ടുള്ളത് 215335/- രൂപയാണ് .

8. വാർഷിക കണക്ക് (B-5) പ്രകാരം ലോണിനത്തിൽ 1 58,99,354/- രൂപ അടവാക്കാനുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 1,50,30,169/- രൂപയാണ് അടവാക്കാനുള്ളത്.

### 1-1-10 വരവ് രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ കൃത്യത പരിശോധിക്കാനായില്ല

തൊഴിൽ നികുതി, ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ എന്നിവയിൽ സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ ഇത് സംബന്ധിച്ച വാർഷിക കണക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-11 വരവ് രജിസ്റ്ററും വാർഷികകണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല

1. വാർഷികകണക്കിലെ ബങ്കുകളുടെ വാടകയിനത്തിലെ DCB തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| AFS | 2348777 | 2033573 | 315204 |
| രജിസ്റ്റർ | 2348777 | 2023086 | 325691 |

2. വാർഷികകണക്കിലെ ഷോപ്പിംഗ് കോംപ്ലക്സിലെ റൂമുകളുടെ വാടകയിനത്തിലെ DCB തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| AFS | 678738 | 678738 | 0 |
| രജിസ്റ്റർ | 683772 | 683772 | 0 |

### 1-1-12 കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-13 സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|---|
| | | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് |
| സഞ്ചയ ഡി.സി.ബി | പാർപ്പിടം | 992101 | 3085364 | 459972 | 2498915+*18490= 2517405 | 533048 | 574633 |
| | പാർപ്പിടേതരം | 485889 | 2889868 | 210103 | 2486532+*17999= 2504531 | 275840 | 386436 |
| വാർഷിക കണക്ക് | പാർപ്പിടം | 1040166 | 3085364 | 459117 | 2505133+*18490= 2523623 | 591560 | 591560 |
| | പാർപ്പിടേതരം | 485531 | 2889868 | 210053 | 2498623+*17999= 2516622 | 392774 | 984334 |
| * ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക | | | | | | | |

### 1-1-14 വാർഷികകണക്ക്, എ.സി.ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വിവിധയിനം ഫണ്ട് വിനിയോഗം സംബന്ധിച്ച എ.സി.ആർ ലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ACR | AFS |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 26384130 | 25850611 |
| വികസന ഫണ്ട് (എസ്.സി.പി) | 9286994 | 8841994 |
| MG-NR | 5900623 | 5860172 |

### 1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കിലെ (B-11) വിവരങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| | 2022-23ലെ ബജറ്റ് പാസ്സാക്കിയ | 2022-23ലെ ബജറ്റ് പുതുക്കിയ |
|---|---|---|

| തീരുമാനം നം./തിയ്യതി | തീരുമാനം നം./തിയ്യതി |
|---|---|
| തീരുമാനം നം.1(1)/26.03.2022 | തീരുമാനം നം.3(1)/13.03.2023 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 32773849 |
| വരവ് | 243890236 |
| ആകെ | 276664085 |
| ചെലവ് | 222190392 |
| നീക്കിയിരിപ്പ് | 54473693 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 25374887 | 25374887 | 24356073 | 1018814 |
| വികസനഫണ്ട്(എസ്.സി.പി.) | 0 | 9205630 | 9205630 | 8417809 | 787821 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 15035300 | 15035300 | 249983 | 14785317 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 8211000 | 8211000 | 5900623 | 2310377 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 11764563 | 11764563 | 4426130 | 7338433 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 5948415 | 5948415 | 4332694 | 1615721 |
| ബി ഫണ്ട് | 0 | 61881400 | 61881400 | 61881400 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 223983297 | 150 | 74630570 | 0 | 98 | 60.48% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1312221 | 1312221 | 396929 | 915292 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്(കാപ്പിറ്റൽ വർക്കിനുള്ള ചെലവ് ഉൾപ്പടെ) | 0 | 17837911 | 17837911 | 17837911 | 0 |

കുറിപ്പ്: 1-1-9(7,8) കാണുക

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1562600 | 82 |
| വിധവാപെൻഷൻ | 19512800 | 1016 |
| വാർദ്ധക്യകാലപെൻഷൻ | 34256800 | 1785 |
| വികലാംഗപെൻഷൻ | 5846400 | 305 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 702800 | 37 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2023 ന് 11.00AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 541 /- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. പ്രവർത്തനക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം നിർണ്ണയിക്കാൻ KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

4. അഡ്വാൻസ് രജിസ്റ്ററുകൾ (ജീവനക്കാരുടെ മുൻകൂർ ഉൾപ്പെടെയുള്ളവ), ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5. ഗ്രാമ പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികളുടെ എണ്ണം, അവ സ്ഥിതി ചെയ്യുന്ന വാർഡുകൾ, വെള്ളക്കരം പിരിവ് രജിസ്റ്റർ, കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വരവു ചെലവുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവയും ലഭ്യമാക്കിയിട്ടില്ല.

6.സേവനപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ 9 സേവനപുസ്തകങ്ങളുടെ വിവരങ്ങളാണുള്ളത്. എന്നാൽ 23 സേവനപുസ്തകങ്ങൾ ഉള്ളതായി ഭൗതിക പരിശോധനയിൽ കാണപ്പെട്ടു. ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച് സേവനപുസ്തകം ലഭ്യമാവുന്ന മുറക്ക് രജിസ്റ്ററിൽ ചേർക്കാതിരിക്കുകയും ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തു പോകുന്നവരുടെ സേവനപുസ്തകങ്ങൾ അതാത് സ്ഥാപനങ്ങളിലേക്ക് അയച്ചുകൊടുക്കാതെ സൂക്ഷിക്കുന്നതായും കാണപ്പെട്ടു.

7.കൃഷി ഓഫീസർ ടി.ആർ 7എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന വരവുകളോ ചെലവുകളോ രേഖപ്പെടുത്തുന്നില്ല. സബ്സിഡിയറി കാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. പ്രൊജക്റ്റ് രജിസ്റ്ററിൽ പ്രൊജക്റ്റ് പ്രകാരമുള്ള വരവുകളുടെയോ ചെലവുകളുടെയോ വിവരങ്ങൾ, ഫണ്ടിനം, വൗച്ചർ/ബിൽ നമ്പർ/ തീയതി, തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.09.2022 | 14.09.2022 മുതൽ 15.09.2022 വരെ | 15.09.2022 |
| എ.ജി ഓഡിറ്റ് | 03.12.2012 | 2007-08 മുതൽ 2011-12 വരെ | 10.12.2012 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനതു വരുമാനം-കുറിപ്പുറം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതി മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 13മീറ്റിംഗുകളാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

ആറാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. അതതു മാസങ്ങളിലെ ചെലവുകളുടെ അംഗീകാരം, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കാനുള്ള അപേക്ഷകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെട്ടിട്ടുള്ളത്.

തനത് വരുമാനമായിട്ടുള്ള വസ്തു നികുതി, കെട്ടിട വാടക, ലാൻഡ് ലീസ്, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കംഫർട്ട് സ്റ്റേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വലിയ തുക കുടിശ്ശിക നിൽക്കുന്നുണ്ട്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനും, തൻവർഷത്തെ തനത് വരുമാനം പിരിച്ചെടുക്കുന്നത് ഊർജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.01.2023 ലെ യോഗം തീരുമാനി(നമ്പർ-2)ച്ചിരുന്നെങ്കിലും, ആയതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല.

**വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ താഴെ കാണുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

1). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 24.05.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 6/1 നമ്പർ തീരുമാന പ്രകാരം പുതിയ നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇത് പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തിയിട്ടില്ല.

2). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3).വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 982 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ ക്രമവത്കരിച്ച് നൽകുകയോ അല്ലെങ്കിൽ യു.എ നമ്പർ നൽകി നിർദ്ദിഷ്ട നിരക്കിൽ വസ്തുനികുതി ചുമത്തുകയോ അല്ലാത്തപക്ഷം ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപ വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള സേവന ഉപ നികുതി ഗ്രാമ പഞ്ചായത്തിൽ ചുമത്തിയതായി കാണുന്നില്ല. സേവനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ , ഡ്രയിനേജ്) ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നില്ല.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 24 സ്വകാര്യ പാരാമെഡിക്കൽ/ആശുപത്രികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ ഹയാത്ത് മെഡി കെയർ ഹോസ്പിറ്റൽ എന്ന സ്ഥാപത്തിലെ ജീവനക്കാർ ഒഴികെ മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**മറ്റിനങ്ങൾ**

ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ പഞ്ചായത്തിന് വരവൊന്നും ഇല്ല. പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് ആസ്തിയിൽപ്പെട്ട കുളങ്ങളിൽ നിന്നുള്ള ആദായമെടുക്കൽ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ടർഫ് കോർട്ടുകൾ/ഇൻഡോർ സ്റ്റേഡിയങ്ങൾ പോലെയുള്ളതിൽ നിന്നും വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാനം നേടാവുന്നതാണ്. നിളയോരം അമ്യൂസ്മെന്റ് പാർക്കിൽ നിന്നും വിനോദ നികുതിയിനത്തിൽ വരുമാനം നേടുന്നതിനുള്ള സാദ്ധ്യത ഭരണസമിതി ചർച്ച ചെയ്ത് സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി സർക്കാർ ഉത്തരവ് നേടുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ- അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ മേൽ ഡെപ്പോസിറ്റ് തുക പൂർണമായോ , പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ വിവിധ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 27.04.2023 ലെ കെ.എസ്.എ. 117/സി.എ.ആർ 3/2023 നം. നിർദേശ പ്രകാരം ഇക്കാര്യത്തിലെ നിലവിലെ

സ്ഥിതി വിവരം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതിനായി ശേഖരിക്കേണ്ടതിനാൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ **(2012-13 മുതൽ 2021-22 വരെ)** പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകളുടെയും അവയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 10.10.2023 -തീയ്യതിയിലെ 2ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകുകയോ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ നിരീക്ഷണ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ മുൻകൂർ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ക്രമ നം** | **സാമ്പത്തിക വർഷം** | **പ്രൊജക്ട് പേര്** | **Impl Code** | **ഏജൻസി** | **മുൻകൂർ നൽകിയ തുക/ ഫണ്ട്** | **ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം)** | **ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹)** |
|---|---|---|---|---|---|---|---|
| 2 | 2015-16 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | സെക്രട്ടറി | കെ.എസ്.ഇ.ബി. പുത്തനത്താണി | 8635 | 0 | 8635 |
| 8 | 2021-2022 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | സെക്രട്ടറി | കെ എസ് ഇ ബി | 7262 | 0 | 7262 |
| | | | | | | ആകെ | 15897 |

മേൽ പറഞ്ഞ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക ക്രമീകരിക്കുകയോ തിരികെ ഈടാക്കുകയോ ചെയ്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, അപേക്ഷ എന്നിവയിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലും, ILGMS ൽ അപേക്ഷ സ്വീകരിക്കുന്നതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

A) പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

കെട്ടിട നിർമ്മാണ അപേക്ഷകളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് 02.12.2015 ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത മാതൃകയിലുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയാണ് തുടർ നടപടി സ്വീകരിക്കേണ്ടത്. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ സ്വീകരിച്ച അപേക്ഷകൾ സംബന്ധിച്ച മുഴുവൻ രേഖപ്പെടുത്തലുകളും വരുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷ നമ്പർ | അപേക്ഷകന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 229/12.05.2022 | മുഹമ്മദ് നജീബ് | FSI, Coverage, Survey No, Floor Area, തപാൽ നീക്കം സംബന്ധിച്ച മറ്റു വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. |
| 384/ 2.6.2022 | കോയകുഞ്ഞി തങ്ങൾ | FSI, Coverage, Survey No, Floor Area, തപാൽ നീക്കം സംബന്ധിച്ച മറ്റു വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. |
| 2271/25.08.2022 | രേഖപ്പെടുത്തിയിട്ടില്ല | FSI, Coverage, Survey No, Floor Area, തപാൽ നീക്കം സംബന്ധിച്ച മറ്റു വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. |

| | | |
|---|---|---|
| 2501/2.9.2022 | ,, | FSI, Coverage, Survey No, Floor Area, തപാൽ നീക്കം സംബന്ധിച്ച മറ്റു വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. |
| 2436/3.9.2022 | ,, | FSI, Coverage, Survey No, Floor Area, തപാൽ നീക്കം സംബന്ധിച്ച മറ്റു വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. |
| 2470/12.09.2022 | ,, | FSI, Coverage, Survey No, Floor Area, തപാൽ നീക്കം സംബന്ധിച്ച മറ്റു വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. |
| 2503/13.09.2022 | ,, | FSI, Coverage, Survey No, Floor Area, തപാൽ നീക്കം സംബന്ധിച്ച മറ്റു വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. |
| 1213/16.06.2022 | ,, | FSI, Coverage, Survey No, Floor Area, തപാൽ നീക്കം സംബന്ധിച്ച മറ്റു വിവരങ്ങൾ എന്നിവ ചേർത്തിട്ടില്ല. |

B) പെർമിറ്റ് രജിസ്റ്ററിൽ FSI തെറ്റായി രേഖപ്പെടുത്തുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷ നമ്പർ | അപേക്ഷകന്റെ പേര് | രജിസ്റ്റർ പ്രകാരം FSI | പ്ലാൻ പ്രകാരം FSI |
|---|---|---|---|
| 1210/27.2.2023 | ശശിധരൻ | 4.87 | 0.27 |
| 1128/23.02.2023 | കമലാക്ഷി മുതൽ പേര് | 10.33 | 0.04 |
| 1137/24.02.2023 | മൊയ്തുണ്ണി | 5.87 | 0.9 |

C)കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ ILGMS ൽ തെറ്റായ മൈനർ ഹെഡിൽ സ്വീകരിക്കുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷ നമ്പർ | 400894/BPH102/GPO/2022/253 Dt. 23.04.2022 |
| അപേക്ഷകന്റെ പേര് | അബ്ദുൾ അസീസ് |
| പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ വിനിയോഗ തരം | ഗ്രൂപ്പ്-F (വാണിജ്യആവശ്യത്തിനുള്ളത്) |
| ILGMS ൽ അപേക്ഷ സ്വീകരിച്ചത് പ്രകാരം കെട്ടിടത്തിന്റെ വിനിയോഗ തരം | ഗ്രൂപ്പ്-G (വ്യവസായആവശ്യത്തിനുള്ളത്) |

അപാകതകൾ സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-12/13.10.203)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടകയിനത്തിൽ വരുമാന നഷ്ടം.

വാടകക്ക് നൽകുന്ന മുറികൾ ഒഴിവായി കിടക്കുന്നു.

വാടക്ക് നൽകുന്നതിനായി 101 മുതൽ 141 വരെ നമ്പർ ആയിട്ടുള്ള 41 ബങ്കുകളും 30 കടമുറികളും ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലായി ഉണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഇതിൽ ഫസ്റ്റ് ഫ്ലോറിലുള്ള4 കടമുറികൾ (FF-3, FF-5, FF-10, FF-11) നിലവിലുള്ള വാടകക്കാർ കരാർ പുതുക്കാത്തതിനെ തുടർന്ന് ഒഴിവായി കിടക്കുകയായിരുന്നു. ഈ മുറികൾ പുനർ ലേലം ചെയ്ത് വാടക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>വാടകയിനത്തിൽ വൻ തുക കുടിശ്ശിക</u>

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുറികളുടെ വാടക ഇനത്തിൽ വലിയ തുക കാലങ്ങളായി കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വാടക കുടിശ്ശിക അടവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് A4-2187/2022 Dt. 08.03.2022 പ്രകാരം നോട്ടീസ് നൽകിയിരുന്നെങ്കിലും വാടക ഡി.സി.ബി രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 വർഷത്തിലും കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നം | പേര്, വിലാസം | കുടിശ്ശിക |
|---|---|---|
| ബങ്ക് 101 | കെ. ബാലകൃഷ്ണൻ | 56520 |
| ബങ്ക് 116 | മുഹമ്മദ് കരുവാറ്റിൽ | 66621 |
| ബങ്ക് 117 | ഷഫീക്ക് മൊയ്തീൻ | 66356 |
| ബങ്ക് 118 | മുഹമ്മദ് സലിം മേലേകോരാത്ത് | 59544 |
| ബങ്ക് 119 | മണികണ്ഠൻ ഇറക്കിങ്ങൽ | 59215 |
| ബങ്ക് 120 | സുജിനി കെ.വി | 6141 |
| ബങ്ക് 126 | സൈതലവി തോട്ടത്തിൽ | 119114 |
| | ആകെ | 433511 |

<u>വാടക സംബന്ധിച്ച ബൈലോ.</u>

ധനകാര്യ പരിശോധന (എൻ ടി-എച്ച്) വകുപ്പ് ഗ്രാമ പഞ്ചായത്തിൽ നടത്തിയ പരിശോധനയുടെ 07.11.2019 ലെ No.IW-H1/06/2019-FIN നമ്പർ റിപ്പോർട്ടിലെ ശിപാർശ നമ്പർ-4 പ്രകാരം പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകക്ക് നൽകുന്നതിനുള്ള ബൈലോ നിലവിൽ ഇല്ലാത്തതിനാൽ കലോചിതമായി പരിഷ്കരിച്ച ബൈലോ തയ്യാറാക്കുന്നതിന് നിർദേശിച്ചിരുന്നു. ആയത് പരിഗണിച്ച് ഭരണ സമിതിയുടെ 30.07.2022 തീയതിയിലെ 4(1) തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല.

**<u>വാടക മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ്</u>**

വാടകക്ക് നൽകിയിട്ടുള്ള ബങ്കുകൾ/മുറികളിൽ പ്രവർത്തിക്കുന്ന വ്യാപാര/സംരംഭക/സേവന സ്ഥാപനങ്ങൾക്ക് 1994 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് എടുക്കേണ്ടതുണ്ട്. എന്നാൽ 2022-23 വർഷങ്ങളിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പോലും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്.

കൂടാതെ ധനകാര്യ പരിശോധന (എൻ ടി-എച്ച്) വകുപ്പ് ഗ്രാമ പഞ്ചായത്തിൽ നടത്തിയ പരിശോധനയുടെ 07.11.2019 ലെ No.IW-H1/06/2019-FIN നമ്പർ റിപ്പോർട്ടിലെ പരാമർശം 1(v) ൽ ബിനാമി പേരിൽ മുറികൾ ലേലം കൊണ്ട് ദിവസ വാടകയ്ക്ക് മറിച്ച് നൽകുന്നതായി പരാമർശിച്ചിരുന്നു. ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിനാൽ മുറികൾ ലേലം കൊണ്ടവർ തന്നെയാണോ അവിടെ സ്ഥാപനങ്ങൾ നടത്തുന്നത് എന്ന് ഉറപ്പാക്കാനായിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-10/12.10.203)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിനും, ഒഴിവായി കിടക്കുന്ന മുറികൾ പുനർലേലം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് വക മുറികളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തുവെന്നും, മുറികൾ മേൽ വാടകക്ക് പോവുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ -ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ട് : 164/2022-23 (ഭിന്നശേഷിക്കാർക്ക് വീൽ ചെയർ നൽകൽ)
അടങ്കൽ : ₹182750/- (വികസന ഫണ്ട്-ജനറൽ)
ചെലവ് : ₹156576/- (വികസന ഫണ്ട്-ജനറൽ)
BRN No : 22150852037701225099/20.02.2023- 133090/-, 22150852037701536145/28.03.2023- 23486/-

1) സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.115/2022ത.സ്വ.ഭ.വ തീയതി.28.05.2022) ഖണ്ഡിക 7.1.4(2) പ്രകാരം ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾക്കും, നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. 2022-23 സാമ്പത്തിക വർഷത്തിൽ മുകളിൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 156576/-രൂപയുടെ ഉപകരണങ്ങൾ കേരള സ്റ്റേറ്റ് ഹാന്റികേപ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷനിൽ നിന്ന് വാങ്ങി (ഇൻവോയിസ് നം-67/2022-23/2-10-22, 1,33,090/-, 234/2022-23/4-2-23 23,486/-) വിതരണം നടത്തിയിട്ടുണ്ട്. ഇത്തരം ഉപകരണങ്ങൾ ഒരേ ഗുണഭോക്താവിന് ആവർത്തിച്ച് നൽകുന്നത് ഒഴിവാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ ഒരു ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കുന്നതിന് മാർഗരേഖയിലെ ഖണ്ഡിക 7.1.3(4)ൽ നിർദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രോജക്ട് വഴി വിതരണം ചെയ്ത ഉപകരണങ്ങളുടെയും, ഗുണഭേക്താക്കളുടെയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്കാണ് വീൽചെയർ വിതരണം ചെയ്തിട്ടുള്ളത് എന്നാൽ ഇതിൽ മുഹമ്മദ് ഫർഹാൻ കെ.പി, സുലൈഖ ചേലക്കര പള്ള്യാൽ, വേണു എടവഴിപ്പറമ്പിൽ എന്നീ 3 ഗുണഭോക്താക്കളുടെ പേര് 31.01.2023 ലെ ഭരണസമിതി യോഗത്തിലെ 1(13) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബാക്കി 17 ഗുണഭോക്താക്കളെ ഭരണസമിതി അംഗീകരിച്ചതിന്റെ രേഖ ഫയലിൽ ലഭ്യമല്ല.

ഗുണഭേക്താക്കളുടെയും, ഉപകരണങ്ങളുടെയും, വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കേണ്ടതും, ഗുണഭോക്താക്കളുടെ പേര് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾ സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-17/17.10.203)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 വയോജനങ്ങൽക്ക് കട്ടിൽ -ടെണ്ടർ നടപടികളില്ലാതെ KADCO മുഖേന നടപ്പാക്കി.

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് ടെണ്ടർ നടപടികൾ പാലിക്കാതെ KADCO മുഖേനയാണ് നടപ്പാക്കിയത്. പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ താഴെ നൽകുന്നു.

പ്രൊജക്ട് : വയോജനങ്ങൾക്ക് കട്ടിൽ (പ്രോജക്ട് നം- 148/2022-23)
വിതരണക്കാരൻ : Kerala Artisans Developement Corporation Ltd, Kozhikode
അടങ്കൽ : 500250 വികസന ഫണ്ട് (ജനറൽ)
ചെലവ് : 497883/-രൂപ (BRN-22150852037701384847/16.03.2023)
പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ഉണ്ട്.

**സർക്കാർ അനുമതിക്ക് വിരുദ്ധമായി സാധനങ്ങൾ വാങ്ങി.**

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി KADCO യിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്. (GO(RT) -60/2017/SPD Dt.20.10.2017) മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ KADCOയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ പ്രത്യേകം അനുമതി നൽകാതെ ഒരു സാധനം KADCOയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടില്ല എന്നും മേൽ ഉത്തരവിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ 198cm Length* 90cm Width, Front Leg 60cm Height, Back Leg 50cm Height, 8mm Thickness Plywood On Top -Specifications ഉള്ള 115 കട്ടിലുകൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയുടെ ലിസ്റ്റിൽ ഉൾപ്പെടുന്നതല്ല.

പദ്ധതി നിർവഹണത്തിന്റെ ഭാഗമായി വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി നേരിട്ട് വാങ്ങാവുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനും, വിലയും ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ടതാണ് എന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. അപാകതകൾ സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നമ്പർ-16/17.10.203)ക്ക് മറുപടി ലഭ്യമായിട്ടില്ല.

സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 497883/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 ഫെസ്റ്റിവൽ അഡ്വാൻസ് - പഞ്ചായത്ത് ജീവനക്കാർക്ക് നൽകിയ തുക- 8000 രൂപ തിരികെ ഈടാക്കിയിട്ടില്ല

2022-23 കാലയളവിൽ സെക്രട്ടറി ഉൾപ്പെടെ പഞ്ചായത്ത് ജീവനക്കാരായ 12 പേർക്ക് 20000രൂപ വീതം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വൗച്ചർ നമ്പർ -22200363/03.09.2022- ചെക്ക് നം. KGB 14112/03.09.2022 – തുക- 240000/-

**തുക കൈപ്പറ്റിയ ജീവനക്കാരുടെ പേരും തസ്തികയും**

| ക്രമ നം. | ജീവനക്കാരന്റെ പേരും, തസ്തികയും | മുൻകൂർ ഇനത്തിൽ കൈപ്പറ്റിയ തുക |
|---|---|---|
| 1. | ശ്രീ . സുരേഷ് , എ. സെക്രട്ടറി | 20,000/- |
| 2 | അമ്പിളി , യു.പി, സീനിയർ ക്ലാർക്ക് | 20,000/- |
| 3 | സുനിമോൾ കെ.വി. സീനിയർ ക്ലാർക്ക് | 20,000/- |
| 4 | അജേഷ്, എ. | 20,000/- |
| 5 | രമ്യ വി.ആർ | 20,000/- |

| | | |
|---|---|---|
| 6 | പി.കെ. സുനിൽകുമാർ | 20,000/- |
| 7 | നീതു ടി.ആർ | 20,000/- |
| 8 | ശ്യാമള. എം.പി. | 20,000/- |
| 9 | വിനോദ് കുമാർ , കെ | 20,000/- |
| 10 | അജിതാ ദേവി. സി.ഡി. | 20,000/- |
| 11 | ലക്ഷ്മി.എം | 20,000/- |
| 12 | ബാബുരാജ് വി.പി. | 20,000/- |
| **ആകെ** | | **240000/-** |

2022-23- ലെ വാർഷിക ധനകാര്യ പത്രിക B-18 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 8000 രൂപ തിരികെ ഈടാക്കാനുള്ളതായി കാണുന്നു. **മുൻകൂർ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല** എന്നതിനാൽ ഈ തുക ആരിൽ നിന്നാണ് ഈടാക്കേണ്ടതെന്ന് വ്യക്തമല്ല. തുക ഒടുക്കാനുള്ള ജീവനക്കാരുടെ പേര്, തസ്തിക, ഒടുക്കാനുള്ള തുക എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 11/13.10.2023) മറുപടി നൽകുകയോ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തില്ല. ആയതിനാൽ ടി തുക തിരിച്ചടക്കാനുള്ള ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി തനത് ഫണ്ടിലൊടുക്കി പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ഡെപ്പോസിറ്റ് പ്രവൃത്തി - KSEB യിൽ നിക്ഷേപിച്ച തുക- വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2022-23 കാലയളവിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി കുറ്റിപ്പുറം KSEB യിൽ താഴെ പറയും വിധം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

പ്രൊജക്റ്റ് നമ്പർ. 261/2023

അടങ്കൽ : 1,00,000/- രൂപ വികസനഫണ്ട് (ജനറൽ)

ചെലവ് : 93,773/-

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

| Sl.No | Vr.No.& BRN & Date | Amount | Ward No. |
|---|---|---|---|
| 1 | 22150852010501136128/ 31.10.22 | 23535/- | 20 |
| 2 | 22150852010501351585/ 15.03.23 | 70238/- | 5,8,11&19 |
| | **ആകെ** | **93773/-** | |

ഈ തുകയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 20/18.10.23 ) മറുപടി നൽകുകയോ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ കുറ്റിപ്പുറം KSEB യിൽ നിന്ന് പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 93,773/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 അനധികൃത കെട്ടിടങ്ങൾ- നടപടികൾ സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി സമർപ്പിക്കപ്പെട്ട ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ മുഴുവനും ഗ്രാമപഞ്ചായത്ത് നമ്പർ നൽകി അധികൃതമാക്കപ്പെട്ടതല്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നമ്പർ | സ്കൂൾ | പഞ്ചായത്ത് ലഭ്യമാക്കിയത് പ്രകാരമുള്ള കെട്ടിടവിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം (ച.മീറ്ററിൽ) |
|---|---|---|---|

| | | | |
|---|---|---|---|
| | | (ച.മീറ്ററിൽ) | |
| 1 | AMUPS പാഴൂർ | 21/19 A- 78<br>21/19- 174<br>21/20-72<br>21/21- 40<br>21/22-72<br>ആകെ= 436 | 22.26x3.81=84.81<br>12.4x6.1=75.64<br>18.5x6.1=112.85<br>18.5x6.1=112.85<br>6.1x6.1x13=483.73<br>ആകെ- 869.88 |
| 2 | ഗവ.ഹൈസ്കൂൾ, കുറ്റിപ്പുറം | 16/206-50<br>16/207-63<br>16/208-95<br>16/209-75<br>16/209-75<br>16/210- 80<br>16/212-112<br>16/213- 112<br>ആകെ= 662 | 6.1x6.1x54=2009.34<br>ആകെ- 2009.34 |
| 3 | AMLPS കൊളത്തോൾ | 3/132- 30<br>3/133- 40<br>ആകെ- 70 | 30.5x5.5=167.75<br>7.9x5.5=43.45<br>12.2x6.7=81.74<br>7.3x6.1=44.53<br>ആകെ- 337.47 |
| 4 | ALPS പൈങ്കണ്ണൂർ | 10/190E- 51.97<br>10/190C- 51.97<br>10/190D- 51.97<br>10/190F- 51.02<br>10/190G-51.02<br>10/190H- 51.02<br>ആകെ- 308.97 | 18.3x5.5=100.65<br>24.85x6.3x2=313.11<br>6x6.1=36.6<br>6.3x2.9=18.27<br>6.08x6=36.48<br>18.35x6.13=112.48<br>ആകെ-617.59 |
| 5 | NIAUPS കഴുത്തല്ലൂർ | 19/219- 150<br>ആകെ-150 | 12.2x6.1=74.42<br>36.6x6.1=223.26<br>24.8x6.1=151.28<br>50.4x6.1=307.44 |
| 6 | MMMHS മൂടാൽ | 5/346-100<br>ആകെ-100 | 6.1x6.1x5=186.05<br>6.1x6.1x5=186.05 |
| 7 | AUPS നടുവട്ടം | 22/119- 35<br>22/120-20<br>22/121-20<br>22/122- 20<br>22/123- 20<br>ആകെ- 115 | 6.13x6.1x2=74.78<br>6.1x24.75=150.97<br>6.13x6.22=38.12<br>10.35x5.23=54.13<br>5.2x5.23=27.19<br>10.35x5.23=54.13<br>6.14x6.15x2=37.76<br>6.13x6.25=38.31<br>6.15x12.3=75.64<br>6.15x6.1=37.51<br>6.15x6.06=37.26<br>6.15x6.07=37.33<br>6.15x6.1=37.51<br>ആകെ- 619.32 |
| 8 | GLPS നടുവട്ടം | 2/587- 60<br>2/588- 60<br>2/589-60<br>2/590-60 | 6.15x6.1x5=187.57<br>6.1x6.1x3=111.63<br>13x6.75=87.75<br>8.1x6.75=54.67 |

| | | | |
|---|---|---|---|
| | | ആകെ-240 | 16.2x6.35=102.87<br>ആകെ- 544.49 |
| 9 | GLPS ചെല്ലൂർ | 4/258C- 125<br>4/258D- 150<br>4/343-120<br>ആകെ- 395 | Ground Floor-144.89<br>lrst Floor-F105.56<br>ആകെ-250.45 |
| 10 | KMAUPS ചെല്ലൂർ | 4/317- 50<br>ആകെ-50 | 24.4x6.1x4=595.36<br>6.1x6.1=37.21<br>6.1x6.1=37.21<br>12.2x6.1=74.42<br>6.1x6.1=37.21<br>12.2x6.1=74.42<br>ആകെ- 855.83 |
| 11 | GLPS പെരുമ്പറമ്പ് മൂടാൽ | 5/569A- 232<br>5/569- 80<br>ആകെ- 312 | 6.4x5.6x4= 143.36<br>5.9x5.6x2=66.08<br>ആകെ- 209.44 |

ഗ്രാമപഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 24/18.10.2023 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ ഉൾപ്പെടാത്ത ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മറ്റു സ്കൂളുകളുടെ വിശദാംശങ്ങൾ കൂടി പരിശോധിക്കുകയും അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചില്ല

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുന്ന തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിലേക്ക് ലഭിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. അപ്രകാരം ലഭ്യമാവേണ്ട തുകയുടെ കണക്കുകളും സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി 3/10.10.2023) ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ 2022-23 ലെ തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തനത് ഫണ്ടിലേക്ക് വരവ് വെക്കേണ്ട ടെണ്ടർ ഫീ ലഭ്യമാവുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ദുരിതാശ്വാസ നിധി രൂപീകരിച്ച വിവരവും രേഖകളും ലഭ്യമാക്കിയില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിര സഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നല്ലാതെ ധനസഹായം ലഭ്യമാകുന്നതിനുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ കുറിപ്പിന് (നമ്പർ 07/11.10.2023) ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ദുരിതാശ്വാസനിധി രൂപീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികൾ- ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 18671 രൂപ അടവാക്കി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ ഓഡിറ്റ് അന്വേഷണക്കുറിപ്പുകളെ തുടർന്ന് തുക തിരിച്ചടവാക്കി.

1. പ്രൊജക്ട്- 86/2023 പറക്കുന്ന് അംഗനവാടി ഇംപ്രൂവ്മെന്റ്സ് എന്ന പ്രൊജക്ടിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ, അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും, പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കണ്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (22/18.10.23) മറുപടിയായി രസീത്

നമ്പർ 1230204114/G100905/21.10.23 പ്രകാരം 3725 രൂപ തിരിച്ചടവാക്കി.

2. പ്രൊജക്റ്റ് - 93/23 GLPS മാണിയങ്കാട് മെയിന്റനൻസ് എന്ന പ്രവൃത്തി 16.10.2023 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ ഇനം 9 സ്പെ. 13.61.10 Painting With Synthetic Enamel Paint Of Approved Brand Etc Complete As Per Technical Specification 116.86 ച,മീ Limited To 88 ച.മീ.@ 143.94/ച.മീ = 12666 എന്നത് ചെയ്തിട്ടില്ല എന്ന് വ്യക്തമായി. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (21/18.10.2023) മറുപടിയായി രസീത് നമ്പർ 1230204115/G100905/21.10.23 പ്രകാരം 14946 (12666 + GST – 18%) രൂപ തിരിച്ചടവാക്കി.

## 1-23 അസി.എഞ്ചിനീയർ- കാഷ് ബുക്ക് അപാകതകൾ

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ വരവ് ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1)കാഷ്ബുക്ക് ദിനേന, പ്രതിമാസ/വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.

2)അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്, അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല. ലഭ്യമാക്കിയ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം (A/C Number 67110650901 Current BAccount) 67764 രൂപ നീക്കിയിരിപ്പുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (23/18.10.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

കാഷ്ബുക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-24 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

**(A) 1-24-1**

30-05-2009-ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറാത്ത കുടിവെള്ള സ്കീമുകളെ സംബന്ധിച്ചിടത്തോളം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടെങ്കിൽ ആയത് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും തുടർന്ന് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശമുള്ളതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ 2, 4, 6, 13, 15, 19, 20, 23 എന്നീ വാർഡുകളിലെ ജനറൽ വിഭാഗത്തിലെ കുടിവെള്ള പദ്ധതികൾ നാളിത് വരെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ലഭ്യമായ ചെലവ് രേഖകൾ അനുസരിച്ച് മേൽ പദ്ധതികളുടെ നടത്തിപ്പിനായി 2022-23 കാലയളവിൽ തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർമാർക്കുള്ള വേതനം എന്നീയിനങ്ങളിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| മാസം | ആകെ തുക | വൗച്ചർ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| ഏപ്രിൽ 2022 | | 2220000/9-4-22 | 29387 | വൈദ്യുതി ചാർജ് |
| | | 222000/10-4-22 | 80736 | വൈദ്യുതി ചാർജ് |
| | | 22200012/12-4-22 | 10187 | വൈദ്യുതി ചാർജ് |
| | | 22200027/27.04.22 | 652 | വൈദ്യുതി ചാർജ് |

| | | | | |
|---|---|---|---|---|
| | | 22200027/27.04.22 | 14180 | വൈദ്യുതി ചാർജ് |
| | | 22200048/23.04.22 | 1169 | വൈദ്യുതി ചാർജ് |
| മെയ് 2022 | | 22200066/04.05.22 | 6452 | വൈദ്യുതി ചാർജ് |
| | | 22200075/11.05.22 | 5473 | വൈദ്യുതി ചാർജ് |
| | | 22200083/11.05.22 | 111796 | വൈദ്യുതി ചാർജ് |
| | | 22200084/11.05.22 | 510 | വൈദ്യുതി ചാർജ് |
| ജൂൺ 2022 | | 222000131/09.06.22 | 10205 | വൈദ്യുതി ചാർജ് |
| | | 222000135/09.06.22 | 108 | വൈദ്യുതി ചാർജ് |
| | | 222000141/09.06.22 | 109579 | വൈദ്യുതി ചാർജ് |
| | | 222000143/09.06.22 | 4262 | ഡെപ്പോസിറ്റ് ചാർജ് |
| | | 222000145/09.06.22 | 5056 | വൈദ്യുതി ചാർജ് |
| | | 222000146/09.06.22 | 25941 | വൈദ്യുതി ചാർജ് |
| | | 222000164/24.06.22 | 1078 | വൈദ്യുതി ചാർജ് |
| ജൂലൈ 2022 | | 222000193/05.07.22 | 33600 | പമ്പ് ഓപ്പറേറ്റർ വേതനം |
| | | 222000194/05.07.22 | 44800 | പമ്പ് ഓപ്പറേറ്റർ വേതനം |
| | | 22200205/06.07.22 | 456 | വൈദ്യുതി ചാർജ് |

| | | | | |
|---|---|---|---|---|
| | | 22200205/06.07.22 | 5684 | വൈദ്യുതി ചാർജ് |
| | | 22200205/06.07.22 | 143 | വൈദ്യുതി ചാർജ് |
| | | 22200213/06.07.22 | 2043 | വൈദ്യുതി ചാർജ് |
| | | 22200212/06.07.22 | 456 | വൈദ്യുതി ചാർജ് |
| | | 22200214/06.07.22 | 119 | വൈദ്യുതി ചാർജ് |
| | | 22200232/13.07.22 | 89262 | വൈദ്യുതി ചാർജ് |
| | | 22200235/14.07.22 | 202 | വൈദ്യുതി ചാർജ് |
| | | 22200259/06.07.22 | 2826 | വൈദ്യുതി ചാർജ് |
| | | 22200221/07.07.22 | 11200 | പമ്പ് ഓപ്പറേറ്റർ വേതനം |
| ആഗസ്റ്റ് 2022 | | 22200283/12.08.22 | 16195 | വൈദ്യുതി ചാർജ് |
| | | 22200304/17.08.22 | 93890 | വൈദ്യുതി ചാർജ് |
| | | 22200310/17.08.22 | 109 | വൈദ്യുതി ചാർജ് |
| | | 22200312/17.08.22 | 219 | വൈദ്യുതി ചാർജ് |
| | | 22200320/24.08.22 | 199 | വൈദ്യുതി ചാർജ് |
| സെപ്തംബർ 2022 | | 22200347/01.09.22 | 3076 | വൈദ്യുതി ചാർജ് |
| | | 22200373/15.09.22 | 96646 | വൈദ്യുതി ചാർജ് |
| | | 22200374/15.09.22 | 109 | വൈദ്യുതി |

| | | | | |
|---|---|---|---|---|
| | | | | ചാർജ് |
| ഒക്ടോബർ 2022 | | 22200527/30.11.22 | 45210 | വൈദ്യുതി ചാർജ് |
| ഡിസംബർ-2022 | | 22200568/19.12.22 | 11287 | വൈദ്യുതി ചാർജ് |
| ഫെബ്രുവരി-2023 | | 22200802/22.2.23 | 9391 | വൈദ്യുതി ചാർജ് |
| **ആകെ** | | | **883893** | |

കുടിവെള്ള പദ്ധതികൾ അറ്റകുറ്റപ്പണി തീർത്ത് ഗുണഭോക്തൃസമിതിക്ക് കൈമാറാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണെന്ന് മുൻവർഷ റിപ്പോർട്ടുകളിൽ തുടർച്ചയായി പരാമർശിച്ചിട്ടു പോലും നടപടികൾ സ്വീകരിച്ചില്ല. 12.12.17 ലെ 6(1) തീരുമാനം പ്രകാരം ഗുണഭോക്തൃ സമിതിക്ക് കൈമാറാൻ തീരുമാനിച്ചെങ്കിലും നടപ്പിലാക്കിയില്ല. പിന്നീട് 27.7.19 ലെ 2(1) തീരുമാന പ്രകാരം നിലവിലുള്ള കേടുപാടുകൾ പൂർണ്ണമായി പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കി DPC അംഗീകാരം വാങ്ങിക്കുന്നതിനും എല്ലാ കുടിവെള്ള പദ്ധതികളും ഡിസംബർ 31 ന് മുമ്പായി ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനും തീരുമാനിച്ചെങ്കിലും തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും ഉണ്ടായില്ല. 4.8.21 ലെ 5(2) തീരുമാന പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള എല്ലാ കുടിവെള്ള പദ്ധതികൾക്കും 2 മാസത്തിനുള്ളിൽ ഗുണഭോക്തൃ സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതായും കാണുന്നു. എന്നാൽ നിലവിലും തനത് ഫണ്ടിൽ നിന്നും ഭീമമായ ചെലവിന് കാരണമാകുന്നത് കൂടാതെ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്ത സാഹചര്യം ഓഡിറ്റ് ഗൗരവ പൂർവ്വം വീക്ഷിക്കുന്നു. 2022-23 ലെ ലഭ്യമാക്കിയ രേഖകൾ പ്രകാരം കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാതെ മുൻ വർഷങ്ങളിലേപ്പോലെ തുടർന്നു പോയതിനാൽ വൈദ്യുതി ചാർജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം എന്നീയിനങ്ങളിൽ തനത് ഫണ്ടിന് 883893 രൂപയുടെ ചെലവുണ്ടായി . ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഈയിനത്തിൽ ചെലവഴിച്ച തുക 8,83,893/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

**1-24(2)(b) കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ**

ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളുടെ എണ്ണം, ഉപഭോക്താക്കളുടെ എണ്ണം, വെള്ളക്കരം ഇനത്തിൽ ഓരോ ഉപഭോക്താവും അടക്കേണ്ട തുക എന്നീ വിശദാംശങ്ങൾ ലഭ്യമല്ല. വെള്ളക്കരം പിരിക്കുന്നതുമായി ബന്ധപ്പെട്ട് പരിപാലിക്കുന്ന രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കുന്നില്ല. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ, ഭൂരിഭാഗം ഗുണഭോക്താക്കളും വർഷങ്ങളായി വെള്ളക്കരം ഒടുക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. വെള്ളക്കരം പിരിക്കുന്നതിനുള്ള രജിസ്റ്ററുകളിൽ ഓരോ ഗുണഭോക്താവിനും പ്രത്യേകം പ്രത്യേകം പേജുകൾ നീക്കിവെച്ചിട്ടുണ്ടെങ്കിലും ഓരോ പേജിലെയും രേഖപ്പെടുത്തലുകൾ അവ്യക്തവും അപൂർണ്ണവുമാണ്.

## 1-25 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രൊജക്റ്റിന്റെ പേര് : കുറ്റിപ്പുറം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ - രണ്ടാം ഘട്ടം

പ്രൊജക്റ്റ് നം : 252/2023

അടങ്കൽ : 200000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം)

ചെലവ് : 200000

BRN No. 22150852037500868552/06.12.2022 – 2,00,000/-

ഹോമിയോ ആശുപത്രിയിലേക്കു മരുന്ന് വാങ്ങുന്നതിന് HOMCO ക്ക് അവരുടെ പ്രൊഫോർമ ഇൻവോയ്സ് PF 966/26.12..22 പ്രകാരം 200000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 30333/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|
| LF 646 | 24.07.23 | 30333/- |
| LF-1633 | 07.10.2023 | 107569 |
| **ആകെ** | | **137902** |

അവശേഷിക്കുന്ന 62,098/- രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാനായി ഓഡിറ്റ്

എൻക്വയറി (1/10.10.2023) നൽകിയതിന് മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26-1 താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി :

പ്രൊജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ

പ്രൊജക്ട് നം : 1/2023

അടങ്കൽ : 1371360 (വികസന ഫണ്ട്- ജനറൽ)

ചെലവ് : 1349701

BRN No.22150852037400812092/24.11.2022 – 225000/-

22150852037400998038/05.01.23- 79000/-

മേൽ പദ്ധതി പ്രകാരം പാലിയേറ്റീവ് കെയറിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രഫോർമ ഇൻവോയിസ് PRF 2248/15.11.2022-225000/-, PRF3276/29.12.22- 79000/- എന്നിവ പ്രകാരം 304000/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 55200/- രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രഫോർമ ഇൻവോയിസ് നം | ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|---|
| PRF 2248/15.11.2022 - 225000 | 21321 | 27.12.2022 | 4915 |
| | 24066 | 27.01.2023 | 2704 |
| | 26284 | 02.03.2023 | 5651 |
| | 26495 | 04.03.23 | 6835 |
| | 25499 | 23.02.2023 | 45158 |
| | 21320 | 27.12.2022 | 37212 |
| | 2272 | 06.05.2023 | 502 |
| | 6752 | 30.05.2023 | 9606 |
| | 5970 | 25.05.2023 | 15892 |
| | 8363 | 09.06.2023 | 4967 |
| | 12712 | 13.07.2023 | 15324 |
| | 14477 | 28.07.2023 | 11493 |
| | 5974 | 25.05.2023 | 38234 |
| | | ആകെ | 198493 |
| | | മുൻകൂർ | 225000 |
| | | ബാക്കി | 26507 |
| PRF3276/29.12.2022 - 79000/- | 23758 | 23.01.2023 | 1109 |
| | 23757 | 23.01.2023 | 2464 |
| | 24612 | 03.02.2023 | 549 |
| | 25504 | 23.02.2023 | 557 |
| | 1089 | 19.04.2023 | 1994 |
| | 3197 | 12.05.2023 | 12550 |
| | 6208 | 26.05.2023 | 15624 |
| | 8598 | 10.06.2023 | 6879 |
| | 11486 | 05.07.2023 | 7584 |
| | 18314 | 20.09.2023 | 997 |
| | | ആകെ | 50307 |
| | | മുൻകൂർ | 79000 |
| | | ബാക്കി | 28693 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാവാൻ സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി (25/18.10.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-26-2 മെഡിക്കൽ ഉപകരണങ്ങൾ മുഴുവൻ ലഭ്യമായിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

പ്രൊജക്റ്റിന്റെ പേര് : ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളുടെ ആരോഗ്യസേവനം മെച്ചപ്പെടുത്തൽ

പ്രൊജക്റ്റ് നം : 250/2023

അടങ്കൽ : 112651 (ഹെൽത്ത് ഗ്രാന്റ്)

ചെലവ് : 112651

28/22.02.2023-9543

മേൽ പദ്ധതി പ്രകാരം താലൂക്ക് ആശുപത്രിയിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അവരുടെ പ്രഫോർമ ഇൻവോയിസ് പ്രകാരം 9543/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 4516/- രൂപയുടെ ഉപകരണങ്ങൾ കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രഫോർമ ഇൻവോയിസ് നം | ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|---|
| PRF 4468/15.02.2023-9543/- | 9522 | 16.06.2023 | 2431 |
| | 13874 | 25.07.2023 | 2596 |
| | | ആകെ | 5027 |
| | | മുൻകൂർ | 9543 |
| | | ബാക്കി | 4516 |

ഉപകരണങ്ങൾ ലഭ്യമാവാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയാനായി നൽകിയ ഓഡിറ്റ് എൻക്വയറി (25/18.10.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-27 മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം ഹാജരാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷം മുതൽ വാർഷിക കണക്കിൽ ( B-18) യാത്ര ബത്ത മുൻകൂർ നൽകിയ 13958/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (15/16.10.2023) ലഭ്യമാക്കിയിട്ടില്ല. ക്രമീകരിക്കാത്ത പക്ഷം ആയത് ഉത്തരവാദിയായവരിൽ നിന്നും പലിശ സഹിതം ഈടാക്കി വിശദാംശം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ | ഈ റിപ്പോർട്ടിന്റെ |

| | | |
|---|---|---|
| | പരിശോധന നടത്തി | ഭാഗമാക്കി |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 720000 | പ്രോ.നം-142/2022-23, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 720000 | 0 |
| | 72946 | പ്രോ.നം-48/2022-23, കുളങ്ങരക്കാട്ടിൽ മിച്ച ഭൂമി റോഡ് കോൺക്രീറ്റ് | 72946 | 0 |
| | 1048392 | പ്രോ.നം-138/2022-23, - സമഗ്ര നെൽകൃഷി വികസനം | 1048392 | 0 |
| | 1094000 | പ്രോ.നം-28/2022-23 , ലൈഫ് ഭവന പദ്ധതി (എസ് സി) | 1094000 | 0 |
| | 560000 | പ്രോ.നം-162/2022-23 , ലൈഫ് ഭവന പദ്ധതി-ജനറൽ | 560000 | 0 |
| | 800000 | പ്രോ.നം-165/2022-23 , ലൈഫ് ഭവന പദ്ധതി-ജനറൽ | 800000 | 0 |
| | 100000 | പ്രോ.നം-157/2022-23 , ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | 300000 | പ്രോ.നം-166/2022-23 , വനിത ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ആകെ | 46953308 | | 46953308 | 0 |
| ജില്ലാ പഞ്ചായത്ത് | 240000 | പ്രോ.നം-142/2022-23, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 240000 | 0 |
| | 2140000 | പ്രോ.നം-28/2022-23 , ലൈഫ് ഭവന പദ്ധതി (എസ് സി) | 2140000 | 0 |
| | 660000 | പ്രോ.നം-162/2022-23 , ലൈഫ് ഭവന പദ്ധതി-ജനറൽ | 660000 | 0 |
| ആകെ | 30,40,000 | | 30,40,000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര്/നം | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | പ്രോ.നം. 261/2022-23 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2215085201050113 6128/ 31.10.22 | 23535 | 0 | ഇല്ല | 23535 |
| | | 2215085201050135 1585/ 15.03.23 | 70238 | 0 | ഇല്ല | 70238 |
| ആകെ | | | **93773/-** | | | **93773/-** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി ലോൺ | ലഭ്യമല്ല | 14179958 | 0 | 2855510 | 1136114 | | 15899354 |

കുറിപ്പ്: വാർഷിക കണക്ക് അപാകത 1-1-9(8) കാണുക.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 55000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| ആകെ | 55000 |

നിക്ഷേപത്തിന്റെ വിശദവിവരം കാണിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 17178 രൂപയുടെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | ലഭ്യമല്ല | 8434 | ലഭ്യമല്ല, അസി എഞ്ചിനീയർ | 1220104116/29.11.2022 |
| 2011-12 | ലഭ്യമല്ല | 1250 | മാനേജർ പി.എൻ.ബി | 1220103069/28.09.2022 |

| | | | | |
|---|---|---|---|---|
| 2010-11 | ലഭ്യമല്ല | 1250 | മാനേജർ പി.എൻ.ബി | 1220103070/28.09.2022 |
| 2019-20 | 3-1 | 3122 | ശ്രീമതി. മുനീറ ബീവി.എസ് | 1220105242/17.01.2023 |
| 2019-20 | 3-1 | 3122 | ശ്രീ. വാസു ടിപി | 1220105243/17.01.2023 |
| | ആകെ | 17178 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 44 | 2004-05 | കളിസ്ഥലം-കൺവീനർക്ക് നൽകിയ അഡ്വാൻസ് | നടപടികൾ തുടരുന്നു |
| 1998-99 | 48 | 2004-05 | കുടിവെള്ള പദ്ധതികൾ നിക്ഷേപം | നടപടികൾ തുടരുന്നു |
| 2011-12 2012-13 | 3(3) | 2014-15 | മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |
| 2011-12 2012-13 | | 2014-15 | കർഷക തൊഴിലാളി പെൻഷൻ അവലോകനം | ---- |
| 2014-15 | 2(1),2(2),2(3) 2(4),2(5),2(6) | 2016-17 | തൊഴിൽ നികുതി | നടപടികൾ തുടരുന്നു |
| 2016-17 | 3(4) | 2017-18 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്/സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1. | 1996-97 | 43,47,48 എ, ബി, 49 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | 14.12.2001 LF9737/Sp.Cell. SC3/2000 | 9583 | 0 | 9583 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 2. | 1998-99 | 30(1), 30(4) | കെ.കുഞ്ഞിമുഹമ്മദ്, സെക്രട്ടറി | 19.09.2008, 23.09.2008 | 6817 | 0 | 6817 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 3. | 2000-01 | 7-1 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/2006 , 22.5.2009/ 28.5.2009 | 11731 | 0 | 11731 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4. | 1996-97 | 53,58,63 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | LF9737/spl.cell SC3/00 14.12.2001 | 16118 | 0 | 16118 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 5. | 1996-97 | 50, 52, 54, 56-1, 56-2, 57, 59, 60, 61, 62 | കെ. ശ്രീധരൻ | LF9737/Sp.Cell. SC3/2000 14.12.2001 | 6783 | 0 | 6783 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 6. | 1998-99 | 35, 36 | പി.ഗംഗാദാസ് | LF15317/spl.cell/sc5/05 , 19.9.2008, 23.09.2000 | 5549 | 0 | 5549 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 7. | 2000-01 | 18 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/ 2006, 22.5.2009/ 28.5.2009 | 1028 | 0 | 1028 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 8. | 2006-07 | 3-1 | വി.കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 35516 | 0 | 35516 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 9. | 2006-07 | 3-10 | വി. കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 4855 | 0 | 4855 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 10. | 2006-07 | 2-9 | വി. കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 5000 | 0 | 5000 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 11. | 2006-07 | 2-14 | വി. കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, Dated 18.09.14 | 4536 | 0 | 4536 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 12. | 2006-07 | 3-8 | വി. കെ.മോഹനകൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL/SC.D1/ 12,dated 18.09.14 | 4773 | 0 | 4773 | തുടർ നടപടി സ്വീകരി ച്ചിട്ടില്ല |
| 13. | 2008-09 | 3-3 | സി.വി. കൃഷ്ണകുമാർ , സെക്രട്ടറി | LF2643/1,391/ SPL. CELL SD1/ 12/31.10.2014 | 23723 | 0 | 23723 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 14. | 2008-09 | 3-3 | സി.വി. കൃഷ്ണകുമാർ , സെക്രട്ടറി | LF2643/1, 391/ SPL. CELL SD1/12, 3.9.15 | 118945 | 0 | 118945 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 15. | 2011-12 2012-13 | 3-6(2),(3) | കെ.എം. ഷാജിമോൻ, സെക്രട്ടറി | കെ.എസ്.എ 16126/സ്പെ.സെൽ /സിഎസ്സി/ഡി1/15 തീയതി, 20-12-17 | 23600 | 0 | 23600 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 243890236 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 222190392 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1475549 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-16 | 497883 | ശ്രീമതി. സഫിയ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-18 | 93773/- | ശ്രീമതി.സുനിത.ബി,-സെക്രട്ടറി-ഇൻ-ചാർജ്ജ് -23535/<br>ശ്രീ. എൻ. നജീം, സെക്രട്ടറി – 70238/- |
| 1-24 | 883893 | ശ്രീ. സുരേഷ്. എ., സെക്രട്ടറി – 6,07,756<br>ശ്രീ. ഷൈജു. ഡി, സെക്രട്ടറി – 2,10,249<br>ശ്രീ. രാജേന്ദ്രൻ. പി. കെ. , – 65,888 |
| ആകെ | 1475549 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1968-69 | എൽ.എഫ്.എം 7/1461/94/ 27-9-94 | 1 |
| 1969-70 | എൽ.എഫ്.എം 7/1462/94/ 27-9-94 | 2 |
| 1971-72 | എൽ.എഫ്.എം 7/1464/94/ 27-9-94 | 3 |
| 1979-80 | എൽ.എഫ്.എം 7/1465/94/ 27-09-94 | 4 |
| 1980-81 | എൽ.എഫ്.എം 7/1466/94/ 27-09-94 | 5 |
| 1981-82 | എൽ.എഫ്.എം 7/1467/94/ 27-09-94 | 12 |
| 1982-83 | എൽ . എഫ് എം 7/1830/28-09-94 | 11 |
| 1983-84 | എൽ . എഫ് എം 7/1831/28-09-94 | 9 |
| 1989-90<br>1990-91 | എൽ . എഫ് എം 7/1307/94/<br>05-8-2004 | 17 |
| 1991-92,1992-93 | എൽ . എഫ് എം 13/93/08-07-1993 | 14 |
| 1996-97 | എൽ എഫ് എം 11/(13) 708/98/<br>29-03-2000 | 18 |
| 1999-00 | എൽ എഫ് എം 12/1477/03/15-5-04 | 33 |
| 2000-01 | എൽ എഫ് എം 12/1478/03/15-5-04 | 33 |
| 2001-02 | എൽ എഫ് എം 12/1479/03/17-5-04 | 10 |
| 2002-03<br>ചെലവ് | എൽ . എഫ് എം 9/1319/06/<br>08.01.2007 | 24 |
| 2002-03<br>വരവ് | എൽ . എഫ് എം 9/2153/07/ 30.01.12 | 9 |
| 2004-05<br>ചെലവ് | കെ എസ് എ എം പി എം 13/2190<br>/22(9)/10.10.2022 | 3 |
| 2005-06 | കെ.എസ്.എ.എം.പി.എം.13/2190<br>/22(11)/10-10-2022 | 8 |
| 2006-07 | കെ.എസ്.എ.എം.പി.എം.13/2190<br>/22(12)/10-10-2022 | 15 |
| 2007-08 | കെ.എസ്.എ.എം.പി.എം.13/2190<br>/22(13)/10-10-2022 | 17 |
| 2008-09 | കെ.എസ്.എ.എം.പി.എം.13/2190<br>/22(12)/10-10-2022 | 7 |
| 2009-10 | കെ എസ് എ എം പി എം 13/2441/16,<br>22.01.2018 | 6 |
| 2010-11 | കെ എസ് എ എം പി എം 13/2100<br>/22(1), 27.05.23 | 8 |

| | | |
|---|---|---|
| 2011-12<br>2012-13 | കെ എസ് എ എം പി എം 13/2100 /22(2), 27.05.23 | 22 |
| 2013-14<br>2014-15 | കെ എസ് എ എം പി എം 13/2100 /22(3), 27.05.23 | 31 |
| 2015-16 | കെ.എസ്.എ.എം.പി.എം.13/3276 /16/18.4.18 | 30 |
| 2016-17 | കെ.എസ്.എ.എം.പി.എം.13/2033/2017 / 07.05.2022 | 20 |
| 2017-18 | കെ.എസ്.എ.എം.പി.എം.13/2610/2018 / 08.09.2020 | 30 |
| 2018-19 | കെ.എസ്.എ.എം.പി.എം.13/19/2020 /28.04.2022 | 10 |
| 2019-20 | കെ.എസ്.എ.എം.പി.എം.13/1446/2021 /29.04.2022 | 23 |
| 2020-21 | കെ.എസ്.എ.എം.പി.എം.13/1447/2021 /28.04.2022 | 17 |
| 2021-22 | കെ.എസ്.എ.എം.പി.എം.13/2909 /2022/3.6.2023 | 28 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 14-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kuttippuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuttippuram Grama Panchayat for the year 2022-2023

**Date: 05/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kuttippuram Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

- 1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
    a. Ratios
    b. Notes on accounts

c. Comparative amounts of previous year.

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Opening balance of receipt and payment is not matched with last year closing balance.

4. As per the Reconciliation Statement of KGB (A/C N0:40233101045462) holding own funds, the cheque issued by the institution more than 3 months old (Rs. **22200**/-) are not transferred to the Stale Cheque Account.

5. Rs.35/- directly debited by bank in the reconciliation statement of PNB Jalanidhi (4307000100341557) and Rs.24,10,847/- directly debited by bank in the reconciliation statement of SBI Own Fund (57052750347) have not been adjusted till date.

6. As per Reconciliation Statement of PNB Jalanidhi (4307000100341557) the amounts directly credited to the bank **(5352/-)** on 05.12.2022 have not been taken into account by ensuring that they belong to the institution.

7.Lapses in making timely and accurate demand entries in respect of tax and non tax revenue.

8. The following Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant amount.

| Item | B-4 | B-17 |
|---|---|---|
| Jalanidhi | 22048747/- | 666767 |

9.The accounts recorded on NREGS cash book statement and Loan Register not matching with the accounts concerned in Annual Financial statements. Deposit Register, Advance register,Investment Register, Auction Register,Audit Recovery Register are not submitted for audit

10.Profession tax Register and License Register were not reliable for audit since the abstract were not prepared.

11.Demand register of Rent on Bunk and Shopping complex does not match with AFS.

12.The calculation sheet for depreciation of fixed assets is not submitted for audit.

13. Property tax demand, collection and balance as per Sanchaya DCB form differes from AFS

14. AFS and ACR are incompatible.

15. Asset Registers is not upto date and not reliable for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്